## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5205. 02.07.2013 ൽ മറുപടിയ്ക്ക്.

<u>ഡ്രൈവിംഗ് ലൈസൻസ് ഓൺലൈൻ വഴിയാക്കാൻ നടപടി</u>

| ചോദ്യം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, പി. എ. മാധവൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, കെ. ശിവദാസൻ നായർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) ഡ്രൈവിംഗ് ലൈസൻസ് ഓൺലൈൻ വഴിയാക്കാൻ നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ലൈസൻസ് സംവിധാനം ഓൺലൈനിൽ നൽകാൻ നിലവിൽ സാധിക്കില്ല. പുതിയ ലൈസൻസ്, ലേണേഴ്സ് ലൈസൻസ് എന്നിവയ്ക്ക് ടെസ്റ്റ് നിർബന്ധമാണ്. ആയതിനാൽ അപേക്ഷകൻ ഓഫീസിൽ വരുന്നതു ഒഴിവാക്കാൻ സാധിക്കില്ല. ഇ-ഡെലിവറി മുഖേന ലൈസൻസ് നൽകുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. നിലവിലെ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഇതു നടപ്പാക്കാൻ കഴിയില്ല. ആയതിനാൽ നിലവിലെ സോഫ്റ്റ്‌വെയർ വെബ് ബേസ് ആപ്ലിക്കേഷൻ ആയി മാറ്റിയതിനു ശേഷം മാത്രമേ പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുള്ളൂ. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത് ; വിശദമാക്കുമോ ; | (ബി) & (സി) | ഏജന്റുമാരെ ഒഴിവാക്കുന്നതിനും ഡ്രൈവിംഗ് ടെസ്റ്റ് പാസ്സാകുന്ന ആളുകളെ മോട്ടോർ വാഹന വകുപ്പിന്റെ RTO/Sub RTO ഓഫീസുകളിൽ ഡ്രൈവിംഗ് ലൈസൻസിന് വേണ്ടി ഹാജരാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും കാലതാമസം കൂടാതെ ലൈസൻസ് ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഇത്തരം ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ഡി) ഇതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.